# Weekend Bulletin
# Knanaya Catholic Mission, Chicago
November 13, 2005, Vol. 1, Issue 7


For Faith & Traditions

## മാമ്മോദീസാ ഞായറാഴ്ച കുർബ്ബാനയോടു ചേർന്നു നടത്തണം.

(പേജ് 4 കാണുക)



Memorial service for all the faithful departed held at Community Center on November 3rd.



Students and teachers of Religious Education School in Chicago reciting Rosary at OLV Church before Holy Mass. Each student has received Rosary audio CD and Rosary blessed by Archbishop Mar Kuriakose Kunnacherry.

## CONTACT INFORMATION

**MISSION DIRECTOR**
Fr. Abraham Mutholath
5212 W. Agatite Ave
Chicago, IL 60630.
(773) 412-6254
(773) 286–2556
E-mail: mutholath2000@yahoo.com
www.knanayamission.org/chicago

**BULLETIN EDITOR**
Mathachen Chemmachel
(708) 557-1907

**TRUSTEES**
**Chicago**: Saji Poothrukayil
(847) 293-9409
Sunny Thekkeparambil
(847) 673-6586
**Addison**: James Manjankal
(630) 758-1716
Baby Karikkal, (630) 379-8622

**SECRETARY & PRO**
George Thottappuram
(847) 975-9239

**FINANCE**
**Chicago**: John Elakkatt
**Addison**: Kurian Nellamattam,

**RELIGIOUS EDUCATION**
**Chicago**: Johny Thekkeparambil
(847) 533-8520
Secretary: Anna Kulangara
(847) 298-0786
**Addison**: Tonny Pullappally
(630) 205-5078
Secretary: Veena Jose Kaniyaly
(630) 539-7187

**CHILDREN MINISTRY**
**Chicago**: Bino Machanikkal
Saly Kizhakkekuttu
**Addison**: Tesa Thannikari
Ashley Varakalayil

**TEENS MINISTRY**
**Chicago**: Tito Kandarappally
Lissy Thottapuram
**Addison**: Sabu Mutholam
Justin Kalappurackal

**YOUTH MINISTRY**
**Chicago**: Mary Alumkal
Tessy Jose Njaravelil
**Addison**: Tessy Kanjirathumkal
Tomy Kunnassery

**ADULT TRAINING**
**Addison**: Jose Thazhathuvettathu

## SATURDAYS

St. Joseph Church
330 E. Fullerton Ave, Addison, IL 60101

Religious Education
3:45 P.M. to 4:45 P.M.
Holy Mass @ 5:00 P.M.

Youth Seminars on First Saturdays
2:45 P.M. to 4:45 P.M.
English Mass in Syro-Malabar Rite
First Saturdays @ 5:00 P.M.

## SUNDAYS

Our Lady of Victory (OLV) Church
5212 W. Agatite Ave, Chicago, IL 60630

Religious Education
4:00 P.M. to 5:00 P.M.
Holy Mass @ 5:30 P.M.

Youth Seminars on First Sundays
3:00 P.M. to 5:00 P.M.
English Mass in Syro-Malabar Rite
First Sundays @ 5:30 P.M.

## NOVENA TO OUR LADY OF PERPETUAL HELP

Saturdays after Holy Mass at St. Joseph Church, 330 E. Fullerton Ave, Addison.

## NOVENA TO ST. JUDE

Thursdays at 7:00 P.M. with Holy Mass and Benediction at Community Center,
5110 N. Elston Ave, Chicago, IL 60630.

**November 2005**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

# Schedule of Events

SATURDAY, NOVEMBER 12, 2005
* Religious Education Class at Addison from 3:45 P.M. to 4:45 P.M.
* Mass and Novena at Addison at 5:00 P.M.

SUNDAY, NOVEMBER 13, 2005
* Confession for Religious Education Students at OLV from 3:00 P.M.
* Religious Education Class at OLV from 4:00 P.M. to 5:00 P.M.
* Holy Mass, office, and manthra for the deceased at OLV Church Upper level at 5:30 P.M. Pictures of the deceased family members can be displayed with flowers.

THURSDAY, NOVEMBER 17, 2005
* Mass, Novena, Rosary, and Benediction at Community Center at 7:00 P.M.

SATURDAY, NOVEMBER 19, 2005
* Religious Education Class at Addison from 3:45 P.M. to 4:45 P.M.
* Mass and Novena at Addison at 5:00 P.M.

SUNDAY, NOVEMBER 20, 2005
* Religious Education Class at OLV from 4:00 P.M. to 5:00 P.M.
* Holy Mass at OLV Church Upper level at 5:30 P.M.

THURSDAY, NOVEMBER 24, 2005
* Mass, Novena, Rosary, and Benediction at Community Center at 7:00 P.M.

SATURDAY, NOVEMBER 26, 2005
* No Religious Education Class at Addison today
* Mass and Novena at Addison at 5:00 P.M.

SUNDAY, NOVEMBER 27, 2005
* No Religious Education Class at OLV today
* Holy Mass at OLV Church Upper level at 5:30 P.M.

THURSDAY, DECEMBER 01, 2005
* Mass, Novena, Rosary, and Benediction at Community Center at 7:00 P.M.

## MISSION DIRECTOR'S COLUMN

### പ്രതിബന്ധങ്ങളിൽ പതറാതെ മുന്നേറാം



ചിക്കാഗോയിലെ മിഷനു സ്വന്തമായി ദൈവാലയം വാങ്ങണമെന്ന് നമ്മോട് ആദ്യം ആഹ്വാനം ചെയ്തത് അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ടു പിതാവാണ്. കഴിഞ്ഞ ആഗസ്റ്റിൽ നാമെടുത്ത തീരുമാനത്തെ തുടർന്ന് "നമുക്കു സ്വന്തമായൊരു ദൈവാലയം" എന്ന സ്വപ്ന സാക്ഷാൽക്കാരത്തിനായി നാം അനുദിനം പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും സംഭാവനകൾ നൽകുകയും ചെയ്തുവരുന്നു.

അഭിവന്ദ്യ മെത്രാപ്പൊലീത്താ മാർ കുര്യാക്കോസ് കുന്നശ്ശേരി നമ്മുടെ മിഷന്റെ പ്രതിനിധികൾക്കനുവദിച്ച അഭിമുഖത്തിലൂടെ പള്ളി വാങ്ങിക്കുവാനുള്ള നമ്മുടെ പരിശ്രമത്തെ പ്രോത്സാഹിപ്പിക്കുകയും സീറോ മലബാർ രൂപതയുമായി സഹകരിച്ച് സഭാപരമായി വളരുവാൻ നമ്മെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. അതു മിക്കവർക്കും ദിശാബോധം നല്കുവാൻ സഹായിച്ചു. എങ്കിലും അറിഞ്ഞോ അറിയാതെയോ ചുരുക്കം ചിലർ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്.

**സഭാ-സാമുദായിക സംവിധാനങ്ങളെക്കുറിച്ച് ശരിയായ കാഴ്ചപ്പാടും ദീർഘവീക്ഷണവുമുള്ള നമ്മുടെ പിതാക്കന്മാരെ നാം വിശ്വസിക്കണം. വർഷങ്ങളായുള്ള അവരുടെ സേവന പരിചയവും സഭാകേന്ദ്രങ്ങളുമായുള്ള അവരുടെ ബന്ധവും വിലമതിച്ച് അവരുടെ അഭിപ്രായങ്ങളെ നാം ആദരിക്കുകയും നടപ്പിലാക്കുകയും വേണം.**

ക്നാനായ കുടിയേറ്റം മുതൽ ഉറഹാ മാർ യൗസേപ്പും അദ്ദേഹത്തിന്റെ പിൻഗാമികളും നമ്മെ ഏകോപിപ്പിച്ച് പരിപോഷിപ്പിച്ചു പോന്നത് വൈദികരും ഇടവക സംവിധാനങ്ങളും വഴിയാണല്ലോ. 1911 മുതൽ കോട്ടയം രൂപതയിലൂടെ നമ്മുടെ സഭാ-സാമുദായിക വളർച്ച ധ്രുതഗതിയിലായി.

സീറോ മലബാർ സഭയ്ക്ക് അമേരിക്കയിൽ സഭാ സംവിധാനമില്ലാതെ ലത്തീൻ രൂപതകളുടെ കീഴിൽ നാമിവിടെ കഴിഞ്ഞപ്പോൾ കമ്മ്യൂണിറ്റി സെന്ററുകളെ അഭിവന്ദ്യ കുന്നശ്ശേരി പിതാവും വൈദികരും പ്രോത്സാഹിപ്പിച്ചു. ഇന്നു സാഹചര്യം മാറി. സീറോ മലബാർ സംവിധാനം അമേരിക്കയിലും നിലവിൽ വന്നു. ഇനി നമുക്ക് നമ്മുടെ പാരമ്പര്യമനുസരിച്ച് സഭാപരമായി ഇടവക സംവിധാനത്തിലൂടെ വളർന്ന് സ്വന്തം രൂപതവരെ എത്തണം. ഇടവകകളില്ലാതെ എങ്ങനെ രൂപതയുണ്ടാകും?

കോട്ടയം അതിരൂപതയുടെ സംവിധാനത്തിൽ ക്നാനായ സമുദായം ഭദ്രമായി സംരക്ഷിക്കപ്പെടുകയും പരിപോഷിക്കപ്പെടുകയും ചെയ്തതുപോലെ നമ്മുടെ സ്വന്തം ഇടവക-രൂപത സംവിധാനത്തിലൂടെ ഇവിടെയും അതു സാധിക്കും. പ്രതിബന്ധങ്ങൾ കണ്ടു പതറാതെ വെല്ലുവിളികളെ തരണം ചെയ്തു സ്വരുമയോടെ മുന്നേറാൻ നമുക്കൊന്നുചേർന്ന് പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യാം.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്.

## നുറുങ്ങുവെട്ടം

സഭയെ നയിക്കുന്നത്
വ്യക്തിതാല്പര്യങ്ങളാവരുത്
പരിശുദ്ധാത്മാവാകണം.



## ദൈവാലയ നിർമ്മാണത്തിന് ആഴ്ചതോറും പണമടയ്ക്കാം.



നമുക്കു സ്വന്തമായൊരു ദൈവാലയം എന്ന സ്വപ്ന സാക്ഷാൽക്കാരത്തിന് പലരും ആഴ്ചതോറും തവണകളായി പണമടയ്ക്കുവാൻ തുടങ്ങിക്കഴിഞ്ഞു.

എല്ലാ ശനിയാഴ്ചയും ഞായറാഴ്ചയും ആഡിസണിലും ചിക്കാഗോയിലും ദിവ്യബലിയോടനുബന്ധിച്ച് തവണകളായി സാധാരണ സ്തോത്രക്കാഴ്ചയോടൊപ്പം സംഭാവന സ്വീകരിക്കുന്നതാണ്. ഈ പ്രത്യേക സംഭാവന ചെക്കായോ കവറിലോ "ദൈവാലയ നിർമ്മാണ ഫണ്ടിലേക്ക്" എന്ന് എഴുതി നല്കണം. ആ തുക നിങ്ങളുടെ പേരിൽ വരവു വച്ച് പിന്നീടു നിശ്ചയിക്കുന്ന വീതപിരിവിൽ കുറവു ചെയ്യുന്നതാണ്.

ഈശോയ്ക്കും നമുക്കുംവേണ്ടിയുള്ള ഈ പൊതു ഭവനം നമുക്കൊന്നുചേർന്നു നിർമ്മിക്കാം. നമ്മുടെ ഐക്യത്തിന്റെയും അഭിമാനത്തിന്റെയും സർവ്വോപരി ആത്മീയ വികസനത്തിന്റെയും പ്രതീകമായി അതുമാറട്ടെ.

എന്ന് മിഷൻ ഡയറക്ടർ

ഫാ. ഏബ്രഹാം മുത്തോലത്ത്

## സ്നേഹ സ്മരണയ്ക്ക്

**5-)0 ചരമ വാർഷികം**



**ഏലിയാമ്മ പൂത്തേത്ത്, കല്ലറ.**

**മരണം: 11-17-2000**

മക്കൾ: മോളി മാത്തുക്കുട്ടി ചെറുകര,
മേരി സണ്ണി കണ്ണാലയിൽ, സജി സ്റ്റനി ചെറുകര,
തോമസ് ജൂലി പൂത്തേത്ത്, ജിൻസി സിജു ചെറുമണത്ത്,
ജോഷി റ്റീനാ പൂത്തേത്ത്.

# മാമ്മോദീസാ ഞായറാഴ്ച കുർബ്ബാനയോടു ചേർന്നു നടത്തണം.

**(മുൻ ലക്കത്തിൻെറ തുടർച്ച)**

## *മാമ്മോദീസാ*

മനുഷ്യന് പാപത്തിലൂടെ നഷ്ടപ്പെട്ടു പോയ ദൈവകൃപയാണ് പ്രവേശക കൂദാശകളിലൂടെ വീണ്ടുകിട്ടുന്നത്. മാമ്മോദീസാത്തൊട്ടി നമ്മെ വിശുദ്ധീകരിക്കുന്ന അഗ്നിയാണ്; സഭയുടെ ഗർഭപാത്രമാണ്. ജറമിയാ അമ്മുടെ ഉദരത്തിൽ കിടന്നു ശുദ്ധീകരിക്കപ്പെട്ടതുപോലെ ഇവിടെ സഭയുടെ ഗർഭപാത്രത്തിൽ വച്ച് ശുദ്ധീകരിക്കപ്പെടുന്നു. യാക്കോബിൻെറ കിണറും ശീലോഹാക്കുളവും മാമ്മോദീസാത്തൊട്ടിയിലെ ജലത്തിൻെറ പ്രതികമാണ്. മാമ്മോദീസാ ഈശോയുടെ മരണത്തിലും ഉത്ഥാനത്തിലുമുള്ള പങ്കുചേരലാണ്.

മാമ്മോദീസായിലൂടെ ആരംഭിക്കുന്ന ക്രൈസ്തവ ജീവിതത്തെ പാപത്തിൽ മരിച്ച് ഈശോമിശിഹായിൽ ദൈവത്തിനയി ജീവിക്കുന്നതായിട്ടാണ് വി. പൗലോസ് വിശേഷിപ്പിക്കുന്നത്. പാത്തിൽ മരിച്ച് മഹത്വത്തിലേക്കു കരേറുകയായിരുന്നു. മുങ്ങുക, മുങ്ങി മരിക്കുക എന്നൊക്കെയാണല്ലോ മാമ്മോദീസാ എന്ന വാക്കിൻെറ അർത്ഥം. കുളത്തിൽ മുങ്ങിപ്പൊങ്ങുന്നത് കണക്കിലെടുത്ത് അതൊരു കബറിടവും നവ ജന്മം നൽകുന്ന ഉദരവുമാണെന്ന് സഭാപിതാക്കന്മർ പഠിപ്പിക്കുന്നു. പുതിയ ക്രമത്തിൽ മാമ്മോദീസായിലെ ജലം വെഞ്ചരിക്കുമ്പോൾ ആത്മീയജന്മം നൽകുന്ന പുതിയ ഉദരമായി ഈ ജലം തീരട്ടെ എന്നു പ്രാർത്ഥിക്കുന്നതിൽ നിന്നു മേൽപ്പറഞ്ഞ ആശയം വ്യക്തമാണല്ലോ.

### മാമ്മോദിസായിൽ രണ്ടു ലേപനങ്ങൾ

പുതിയ മാമ്മോദിസാക്രമത്തിൽ രണ്ടു ലേപനങ്ങളുണ്ട്. ആദ്യത്തെ ലേപനം മുമ്പു നടത്തിയ മാമ്മോദിസയിലെ ശേഷിച്ച തൈലം കൊണ്ട് ശിശുവിൻെറ നെറ്റിയിൽ സ്ലീവാ അടയാളം വരച്ച് മുദ്ര ചെയ്യപ്പെടുന്ന കർമ്മമാണ്. ഒരു പുരാതന പാരമ്പര്യത്തിൻെറ തുടർച്ചയും അർത്ഥമുള്ള അവശിഷ്ടവുമാണിത്. മുതിർന്നവരുടെ മാമ്മോദീസാ പല ഘട്ടങ്ങളായി നടത്തിയിരുന്നപ്പോഴുള്ള ആദ്യത്തെ ഒരു ഭാഗമായിരുന്നിരിക്കാം ഇത്. ക്രൈസ്തവ ആരാധനക്രമങ്ങളിലെല്ലാം ശുദ്ധീകരണ പ്രക്രിയകൾ സാധാരണമാണ്. മാമ്മോദീസാക്കു മുമ്പുള്ള ഒരു ശുദ്ധീകരണ കർമ്മമായും ഇതിനെ കരുതാം. ഇന്നത്തെ ക്രമീകരണത്തിൽ മാമ്മോദീസാക്കു മുൻപുള്ള അഭിഷേകം എന്ന് ഇതിനെ വിളിക്കാം.



*പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്*

മുമ്പു നടത്തിയ മാമ്മോദീസയിലെ ശേഷിച്ച തൈലംകൊണ്ട് ഈ ആദ്യ ലേപനം നടത്തുമ്പോൾ മാമ്മോദീസാ സ്വീകരിക്കുന്ന എല്ലാവരും തമ്മിലുള്ള ഒരു തുടർച്ചയുടേയും കൂട്ടായ്മയുടേയും ഘടകമായിട്ടും അതു മനസ്സിലാക്കാം. സഭയിൽ ഒന്നും വേർപെട്ടു നിൽക്കുന്നില്ല. കൂട്ടയ്മയുടെ സാഗരമാണ് വിശ്വാസവും സഭയും. പരിശുദ്ധാന്മാവിനെ സ്വീകരിച്ച ശേഷം മാമ്മോദീസാ മുങ്ങുന്ന ഏറ്റവും ആദ്യത്തെ ആ പുരാതന രീതിയിലേക്കുള്ള സൂചനയും ഇതിൽ അന്തർലീനമായിട്ടുണ്ടാകാം.

മാമ്മോദീസായിലെ രണ്ടാമത്തെ ലേപനത്തിനുള്ള തൈലം അതതു മാമ്മോദീസാ പരികർമ്മങ്ങൾക്കിടയിൽ ആശീർവ്വദിക്കപ്പെടുന്നതാണ്. പരിശുദ്ധ ത്രീതത്തിൻെറ നാമത്തിൽ പുരോഹിതൻ തൈലം ആശീർവ്വദിക്കുന്നു. വിശുദ്ധ മൂറോനിൽ തള്ളവിരൽ മുക്കി തൈലത്തിൽ കുരിശടയാളം വരച്ചുകൊണ്ടാണ് മാമ്മോദീസായുടെ തൈലം അദ്ദേഹം ആശീർവ്വദിക്കുന്നത്. മൂറോൻ മെത്രാൻ ആശീർവ്വദിച്ച തൈലമാണ്. തള്ളവിരൽ കൊണ്ട് ശിശുവിൻെറ നെഞ്ചിൽ തൈലം പൂശുന്നു. പുതിയ ക്രമപ്രകാരം മാമ്മോദീസയുടെയും രോഗീലേപനത്തിൻെറയും തൈലം പുരോഹിതനാണ് ആശീർവ്വദിക്കുന്നത്. പൗരസ്ത്യ പാരമ്പര്യവുമതാണ്. എന്നാൽ തൈലാഭിഷേകത്തിനുള്ള മൂറോൻ മെത്രാൻ തന്നെയാണ് ആശീർവ്വദിക്കുന്നത്.



തുടർന്ന് മാമ്മോദീസാ മുക്കുന്ന ക്രമമാണ്. മാമ്മോദീസാ നൽകുന്നതിന് മൂന്നു രൂപങ്ങളാണ് പുതിയ ക്രമത്തിൽ നൽകിയിരിക്കുന്നത്. ആദിമസഭയിൽ ഉണ്ടായിരുന്നതുപോലെ പൗരസ്ത്യസഭകളിലെല്ലാം മൂന്നു പ്രാവശ്യം വെള്ളത്തിൽ മുക്കി ഉയർത്തിക്കൊണ്ടാണ് മാമ്മോദീസാ നൽകുന്നത്. ആ രീതിക്കുതന്നെയാണ് പുതിയ കൂദാശാക്രമത്തിൽ മുൻ ഗണന നൽകിയിരിക്കുന്നത്. ചിര പുരാതന പാരമ്പര്യവും ഇതത്രേ. ശിശുക്കളെ ജലത്തിൽ മുക്കി മാമ്മോദീസാ നൽകുന്ന പതിവാണ് മലങ്കര യാക്കോബായ സഭകളിൽ ഇന്നും ഉള്ളത്. രണ്ടാമത്തേത് ശിശുവിനെ വെള്ളത്തിൽ ഇരുത്തി ശിരസ്സിൽ ദേഹത്തുവീഴത്തക്കരീതിയിൽ കുരിശടയാളത്തിൽ മൂന്നു പ്രാവശ്യം വെള്ളം ഒഴിക്കണം. മൂന്നാമത്തെ രീതി ശിരസ്സിൽ കുരിശ്ശടയാളത്തിൽ മൂന്നു പ്രാവശ്യം വെള്ളം ഒഴിക്കുക എന്നതാണ്. മൂന്നാമത്തേതു ലത്തീൻ സഭയുടെ പാരമ്പര്യമാണ്. പൗരസ്ത്യസഭകളുടെ രീതികളാണ് നമ്മൾ സ്വീകരിക്കേണ്ടത്.

കാർമ്മികൻ ഉപയോഗിക്കുന്ന ഫോർമുലകൾക്കും മാറ്റം വരുത്തിയിട്ടുണ്ട്. പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ മാമ്മോദീസാ മുക്കുന്നു എന്നാണ്. നിന്നെ ഞാൻ മാമ്മോദീസ മുക്കുന്നു എന്നല്ല. ഞാൻ എന്ന പ്രയോഗ രീതി പുതിയ ക്രമത്തിലില്ല. കർമ്മണി പ്രയോഗമാണ് പുതിയ ക്രമത്തിൽ. ലേപനം ആരു നടത്തിയാലും ഫലത്തിനു കാരണം ദൈവമാണ്, മിശിഹായാണ് എന്ന ഊന്നലാണിവിടെ. കൂദാശകൾ സഭയുടെ പ്രവർത്തിയാണ്. മിശിഹായാണ് പരികർമ്മം ചെയ്യുന്നത്. അത് വ്യക്തമാക്കാനാണ് കർമ്മണി പ്രയോഗത്തിൽ ഫോർമുലകൾ കൊടുത്തിരിക്കുന്നത്. എല്ലാ കൂദാശാ പരികർമ്മങ്ങളിലും കർമ്മണി പ്രയോഗരീതി കാണം. (കുമ്പാസരത്തിൽ പാപങ്ങളിൽ നിന്നു നീ മോചിക്കപ്പെട്ടിരിക്കുന്നു. വിവാഹത്തിൽ കർത്താവായ ഈശോമിശിഹാ നിങ്ങളെ വിവാഹത്തിൽ ബന്ധിക്കുമാറാകട്ടെ. രോഗീലേപനത്തിൽ ലേപനം ചെയ്യപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.)

മാമ്മോദീസായുടെ സഭാത്മകം ഏറെ പുനപ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ട് പുതിയ ക്രമത്തിൽ. ആദിമ സഭയിലെ സ്ഥാനാർത്ഥി പരിശീലനത്തിനും സഭാപ്രവേശനത്തിനും

ഇടവകസമൂഹത്തിൽ വലിയ സ്ഥാനമുണ്ടായിരുന്നു. തന്മൂലം **വിശ്വാസികൾ പങ്കെടുക്കുന്ന കുർബാനയോടു ചേർന്നു മാമ്മോദിസാ പരികർമ്മം ചെയ്യുന്നത് ഏറെ പ്രസക്തമാണ്. ആദിമസഭയിൽ കത്തീഡ്രൽ ദേവാലയങ്ങളിൽ വച്ച് മെത്രാന്മാർ തന്നെയാണ് മാമ്മോദീസാ നൽകിയിരുന്നതും.**

## തൈലാഭിഷേകം

തൈലാഭിഷേകം അല്ലെങ്കിൽ റൂശ്മ ചെയ്യൽ പരിശുദ്ധാത്മാവിലുള്ള അഭിഷേകമാണ്. പുതുജീവിതത്തിലേക്കു ഉണർവ്വും ഉത്തേജനവും കരുത്തും പകരുന്നത് ഈ റൂശ്മ ചെയ്യലാണ്. റൂശ്മ ചെയ്യുന്നത് മെത്രാൻ വാഴ്ത്തിയ മൂറോൻ കൊണ്ടാണ്. എല്ലാ സഭകളുടേയും പൊതുവായ കീഴ്‌വഴക്കവുമതാണ്.

ആറാം നൂറ്റാണ്ടിനു മുമ്പുവരെ മാമ്മോദീസാക്ക് മുമ്പുള്ള തൈലം പൂശൽ മാത്രമേ പൗരസ്ത്യസുറിയാനി സഭയിൽ ഉണ്ടായിരുന്നുള്ളൂ. ആറാം നൂറ്റാണ്ടിൻെറ



പകുതിയോടെ മാമ്മോദീസാക്കു ശേഷം ഒരു തൈലാഭിഷേകം കൂടി സ്ഥാനം പിടിച്ചു. അശുദ്ധവും അനാത്മീയവുമായ ഒന്നിലും ആത്മാവ് വസിക്കുന്നില്ല. തന്മൂലം മാമ്മോദീസയാകുന്ന ക്ഷാളനത്തിലൂടെ കഴുകി വെടിപ്പാക്കപ്പെട്ട വ്യക്തിയിലാണ് പരി. റൂഹാ വന്നു വസിക്കുന്നത്. പുതിയ ക്രമത്തിൻെറ ചൈതന്യവും അതാണ്. "മാമ്മോദീസാ സ്വീകരിച്ച (പേര്) പിതാ. പുത്ര. പരി. നാമത്തിൽ പൂർണ്ണനാക്കപ്പെടുകയും സ്ഥിരീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു." - നെറ്റിയിൽ കുരിശുവരക്കുന്നു. മാമ്മോദീസാ വേളയിൽ ഈശോ വെള്ളത്തിൽ നിന്ന് പൊങ്ങിയപ്പോഴാണ് പരി. റൂഹാ വന്നു വസിച്ചത് എന്ന സുവിശേഷഭാഗം ഇതിനു താങ്ങായി വർത്തിക്കുകയും ചെയ്തു. സമരിയാക്കാർ മാമ്മോദീസാ സ്വീകരിച്ചെങ്കിലും പരിശുദ്ധാന്മാവ് എഴുന്നള്ളി വന്നില്ല. പത്രോസും യോഹന്നാനും അവരുടെ മേൽ കൈകൾ വച്ചു പ്രാർഥിച്ചപ്പോൾ ആത്മാവ് വന്നു വസിച്ചു. ഈ പശ്ചാത്തലത്തിന്മേലാണ് പാശ്ചാത്യസഭയിൽ സൈഥര്യലേപനം മെത്രാന്മാർക്കായി മാറ്റിവച്ചത്. ധീരതയുടേയും പക്വതയുടേയും കൂദാശയായി പാശ്ചാത്യസഭ ഇതിനെ കണ്ടു. പീയൂസ് പാപ്പായാണ് മാമ്മേദീസാ – സൈഥര്യ



ലേപനം – കുർബാന എന്ന ക്രമം മാറ്റി മാമ്മോദീസാ – കുർബാന – സൈഥര്യ ലേപനം എന്നാക്കിയത്.

**മാമ്മോദീസായും തൈലാഭിഷേകവും സ്വകാര്യമായി നൽകാതെ പ്രത്യേക അവസരങ്ങളിൽ വിശിഷ്യാ, ദെനഹാ, വലിയ ശനി, പന്തക്കുസ്താ തുടങ്ങിയ ദിവസങ്ങളിലെ ശുശ്രുഷകളോടു ചേർത്തോ, ദനഹാക്കാലത്തോ, ഇടവകകളിലെ തിരുനാളുകളോടു ചേർന്നോ നടത്തുകയാണെങ്കിൽ ഈ കൂദാശകളുടെ സഭാത്മകമാനം ഏവർക്കും മനസ്സിലാക്കാൻ ഇടയാക്കും. വി. കുർബാനയോട് അനുബ്ധിച്ചുതന്നെ ഈ കൂദാശകൾ പരികർമ്മം ചെയ്യാൻ തക്കവണ്ണം ഒരോ ഇടവകയിൽ മാസത്തിൽ ഒരു ദിവസം പ്രത്യേകം നീക്കി വക്കുന്നതും അഭികാമ്യമാണ്. ഇടവക സമൂഹത്തിൻെറ ആഘോഷമായിട്ടുതന്നെ ഇതു വരണം.**

ക്രിസ്തീയതിലേക്കുള്ള ജനനമാണ് മാമ്മോദീസാ അർത്ഥമാക്കുന്നത്. ക്രിസ്തീയമൂല്ല്യങ്ങളിലുള്ള ആഴപ്പെടലും വളർച്ചയുമാണ് തൈലാഭിഷേകത്തിലൂടെ സംജാതമാകുന്നത്. ജനനവും വളർച്ചയും ഒന്നിച്ചു പേകേണ്ടതാണ്. മാമ്മോദീസായും തൈലാഭിഷേകവും ഒന്നിച്ചപ്പോൾ പൗരസ്ത്യസഭകളിൽ വൈദികർ അതിൻെറ സാധാരണ കാർമ്മികരുമായി.

പ്രവേശകകൂദാശകൾ പൂർത്തിയാകുന്നത് വിശുദ്ധ കുർബാനയും കൂടി സ്വീകരിക്കുമ്പോഴാണ്. ഏല്ലാ ആത്മീയ രഹസ്യങ്ങളും വന്ന് ഒന്നിക്കുന്നത് വി. കുർബാനയിലാണ്. വി. കുർബാനയാകുന്ന രഹസ്യത്തിലൂടെ സഭയുടേയും മിശിഹായുടേയും ത്രീത്വത്തിൻെറയും രഹസ്യത്തിലേക്ക് വ്യക്തി ആനയിക്കപ്പെടുന്നു. വി. കുർബാന സ്വീകരണ സമയത്ത് മാമ്മോദീസാ സ്വീകരിച്ച കുഞ്ഞുങ്ങൾക്ക് വി. കുർബാന (തിരുരക്തം) നാവിൽ തൊട്ടുകൊടുക്കാൻ ശ്രദ്ധിക്കണം. വി. കുർബാനയോടു ചേർന്നല്ലാതെ മാമ്മോദീസാ കൊടുക്കുന്ന സന്ദർഭങ്ങളിൽ ഏറ്റവും അടുത്ത അവസരങ്ങളിൽ കുഞ്ഞുങ്ങളെ ദേവാലയത്തിൽ കൊണ്ടുവന്ന് വി. കുർബാന സ്വീകരണസമയത്ത് വി. കുർബാന (തിരുരക്തം) കൊടുക്കണം. മാമ്മോദീസാക്കു ശേഷം നന്മതിന്മകൾ തിരിച്ചറിയുന്ന പ്രായത്തിൽ കുഞ്ഞുങ്ങളെ അനുരഞ്ജന കൂദാശക്ക് ഒരുക്കി പ്രഥമ കുമ്പസാരം നടത്തിയ ശേഷമുള്ള പൊതുവായ വി. കുർബാന സ്വീകരണവും ഇനിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇപ്രകാരം പ്രവേശകകൂദാശകളുടെ ഒന്നിച്ചുള്ള പരികർമ്മം സഭയുടെ തനിമ കാത്തുസുക്ഷിക്കുന്നതിനും ആത്മീയ ഉണർവ്വിനും ഇടയാകട്ടെ.



മാതൃസഭയുടെ ആരാധനക്രമ സമ്പന്നതയും ദൈവശാസ്ത്രാഭിമുഖ്യങ്ങളും ആത്മീകതയും ശിക്ഷണക്രമവും കുറെക്കൂടി മെച്ചപ്പെട്ട രീതിയിൽ മനസ്സിലാക്കുവാൻ ഈ പുതിയ കൂദാശക്രമം സഹായിക്കും.

*(ദീപനാളം വാരികയോടു കടപ്പാട്)*

## *HEARTY CONDELENCE TO THE FAMILY OF ALEYAMMA CHACKO PATTAKANDATHIL*



The Knanaya Catholic Mission Chicago joins the family and relatives of Aleyamma Chacko Pattakandathil in prayer and love at their loss. Aleyamma born on 10-10-1935 has left to the Lord on 11-05-2005 at Chicago. Her wake service was held at Colonial Funeral Home, Niles on November 6th and Mass of Resurrection was held at St. Isaac Jagues Church, Niles followed by Funeral at Mary Hill Cemetery, Niles on November 7th.

Aleyamma was the wife of Late P.V. Chacko Pattakandathil from Parippu, Olassa. Her children are Soni & Maggie Pattakandathil, Annie & Roy Tharappel, Jikky & George Poothra, and Soji & Jini Pattakandathil. Her grand children are Cyriac, Elizabath and Jake Tharappel, Geena and Gibin Poothra, and Liz and Liya Pattakandathil.

Her nearest families are Makil Kallidukil, Kanyamparambil, Valiyakalayil, Cherukara, Peedikayil, Kunnacheril, Pathipally, Chemmangattu, Tharapel, Poothra, and Cheruvil.

May she rest in peace!

## Weekly Collections

| | |
|---|---|
| Oct. 29 Knanaya Night for Mission Sunday | 412.00 |
| October 30 at OLV Chicago | 234.48 |
| November 5 at Addison | 140.08 |
| *November 5 at Addison for Building Fund* | *3,285.00* |
| November 6 at OLV | 160.00 |
| *November 6 at OLV for Building Fund* | *1,145.00* |
| ***Current Balance in Church Building Fund*** | ***24,054.49*** |

### ADVERTISEMENTS ARE WELCOME

Your complimentary advertisements on special occasions like wedding, baptism, jubilee, and death anniversaries are welcome at a nominal contribution towards charitable works of our Agape Movement. Please contact George Thottapuram or Mathachan Chemmachel for details.

## ചിക്കാഗോയിൽ മരിച്ചവരുടെ ഓർമ്മ നവം. 13ന്




© J. S. Paluch Co., Inc.

നവംബർ ആറിന് ചിക്കാഗോയിൽ പാർക്കിഗ് ലോട്ട് നേരത്തെ ഒഴിവാക്കേണ്ടതിനാൽ അവിടെ നടത്താൻ നിശ്ചയിച്ചിരുന്ന മരിച്ചവരുടെ ഓർമ്മ ദിനം നവംബർ 13 ഞയാറാഴ്ചയിലേക്കു മാറ്റിയിരിക്കുകയാണ്. അന്ന് സകല മരിച്ചവർക്കും വേണ്ടി പാട്ടുകുർബാനയും പ്രത്യേക ഒപ്പീസും മന്ത്രായും നടക്കും. നമ്മുടെ പ്രിയ പൂർവ്വികരുടെ ചിത്രങ്ങൾ അലങ്കരിച്ചു പ്രദർശിപ്പിക്കുന്നതിനു സൗകര്യമുണ്ട്. ചിത്രങ്ങളിൽ വിശുദ്ധ ജലം തളിക്കുകയും ധൂപാർപ്പണം നടത്തുകയും ചെയ്യും. കുറച്ചുപേർ നെയ്യപ്പം കൊണ്ടുവന്നാൽ നന്നായിരിക്കും.

### READERS / LECTORS — പള്ളികൂദാശ കാലം – മൂന്നാം ഞായർ

| NOV. 12 & 13 | PASSAGE | ADDISION | OLV CHICAGO |
|---|---|---|---|
| 1st Reading | Proverbs 31:10-13, 19-20, | Timmy Vayalil | Jomin Aikkaraparampil |
| 2nd Reading | 1 Thessalonians 5:1-6 | Sheryl Pulimalayil | Jincy Aikkaraparampil |
| NOV. 19 & 20 | | | |
| 1st Reading | Ezekiel 34:11-12, 15-17 | Leo Mundaplakkil | Tima Kandarappally |
| 2nd Reading | 1 Corinthians 15:20-26, 28 | Jerome Puthenpurackal | Cynthia Nediyakalayil |

### PRAYER TO SAINT CLARE

Pray nine "Hail Mary"s for nine days and make 3 requests for miracles. On the ninth day, publish this prayer and your prayer will be answered even if you do not believe.

Sorry for the delay.

A Firm Believer



Kindergarten students at our Religious Education School at OLV Chicago




Jaibu Mathew, E.A.
ENROLLED TO PRACTICE BEFORE IRS

JAIBU MATHEW KULANGARA

7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com

* Free Electronic Filing * Refund in 24 Hours *

Professional with 11 years experience in catering.

YOU INVITE THE GUESTS, WE DO THE REST

Malabar
Catering &Carry-out

Call
WILLIAM GEORGE
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

CITYWIDE JMW REALTY INC.



4313 W. Irwing Park, Chicago, IL 60641

ALEX MULLAPPALLIL
REALTOR CONSULTANT

Tel: 773-286-6200 * Cell: 847-2089516
Res: 847-679-9431 * Fax: 773-286-9516

EQUALHOUSINGLENDER

Specializing in: Gas Stations, Investments, Commercial, & Residential.

Illinois Residential Mortgage Licensee

COLDWELL BANKER



MARTIN & MARBRY
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: Zachariah Chacko (Zach)
(A Friendly Realtor)

Find out how much your dream home is worth today?
4632 W. Church St., Skokie, IL 60076
(847) 677-1200 (Business)
(847) 551-7386 (Pager)
(847) 374-5031 (Voice Mail)

EQUALHOUSINGLENDER

LINCOLNWOOD
MORTGAGE SERVICES, INC.



4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
*For all your Mortgage Services*
Please contact: Benny Kuriakose (Kanjiraparayil)
Phone: 847.583.1245, Pager: 773.258.1301.
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals

EQUAL OPPORTUNITY LENDER

